**പമ്പാനദിയിലേക്ക് എത്തിച്ചേരുന്ന
നീർത്തടങ്ങൾ നികത്തി നിർമ്മിക്കുന്ന
ആറന്മുള വിമാനത്താവളം
മധ്യതിരുവിതാംകൂറിൽ ഗുരുതരമായ
പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന്**

**എൻ. കെ. സുകുമാരൻനായർ**

# നീർത്തടത്തിന് പകരമാവില്ല വിമാനത്താവളം

ഗ്രീൻഫീൽഡ് എന്ന വിമാനത്താവളത്തിനുവേണ്ടി നിയമങ്ങൾ മറികടന്ന് 2011 മാർച്ച് ഒന്നിന് ഇടതുസർക്കാർ ഇറക്കിയ ഗസ്റ്റ് വിജ്ഞാപനമനുസരിച്ച് മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ പാടശേഖരങ്ങളും സമീപപ്രദേശങ്ങളും 'വ്യവസായ മേഖലയായി' പ്രഖ്യാപിച്ച വിവരം പൊതുജനങ്ങളറിഞ്ഞതോടെയാണ് കുടിയിറക്കപ്പെടുമെന്ന ഭീതിയിൽ പ്രക്ഷോഭങ്ങൾ ആറന്മുളയിൽ തുടങ്ങുന്നത്. കഴിഞ്ഞ മാർച്ച് ഒന്നിനിറക്കിയ ഉത്തരവ് ഇത്രയും കാലം പൊതുജനങ്ങളിൽ നിന്നും മറച്ചുവെയ്ക്കുന്നതിൽ ബന്ധപ്പെട്ട ആളുകൾ വിജയിച്ചു. പൂർണ്ണമായും നെൽവയലുകളായിരുന്ന പദ്ധതി പ്രദേശം വ്യവസായമേഖലയായി രഹസ്യമായി പ്രഖ്യാപിച്ചത് (പൊതു തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലനിൽക്കെ) നിയമത്തിന്റെ പഴുതുകളിലൂടെ നെൽവയലുകൾ നികത്തുന്നതിന് ഒത്താശചെയ്തുകൊടുക്കുന്നതിനുവേണ്ടിയാണ് എന്ന് ഇപ്പോൾ വ്യക്തമായിരിക്കുന്നു. കേരളത്തിലെ മറ്റൊരു വിമാനത്താവളത്തിനു വേണ്ടിയും വ്യവസായ വകുപ്പ് ഇത്തരം വിജ്ഞാപനം ഇറക്കിയിട്ടില്ല. സാധാരണഗതിയിൽ സർക്കാർ പദ്ധതിക്കുവേണ്ടിയാണ് കേരള വ്യവസായ ഏകജാലകസംവിധാനങ്ങൾ നിലവിൽ വന്നത്. എന്നാൽ ഒരു സ്വകാര്യസ്ഥാപനത്തിനുവേണ്ടി ഇതാദ്യമായാണ് മറ്റു വ്യക്തികളുടെ കൈവശമുള്ള നെൽവയലുകളും വാസസ്ഥലങ്ങളും വ്യവസായമേഖലയായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത്.

### പരിസ്ഥിതി പ്രശ്നങ്ങൾ

പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നതായി പദ്ധതി രേഖയിൽ നിർദ്ദേശിക്കപ്പെട്ട 347.556 ഏക്കർ സ്ഥലം ആറന്മുള പുഞ്ചയുടെ ഭാഗമായ നീർത്തടം (wetland) ആണ്. പദ്ധതിരേഖയിൽ ഇക്കാര്യം ബോധപൂർവ്വം മറച്ചുവച്ചിരിക്കുന്നു. 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമപ്രകാരം നെൽ വയലുകളോ നെല്ല് കൃഷി ചെയ്തിരുന്നതോ ആയ സ്ഥലങ്ങൾ നികത്തുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ആറന്മുള പുഞ്ചയുടെ ഭാഗമായ നിർദ്ദിഷ്ടസ്ഥലം നികത്തപ്പെടും. വിസ്തൃതമായ നീർത്തടങ്ങളുടെ വ്യഷ്ടി പ്രദേശമാണ് നിർദ്ദിഷ്ടസ്ഥലം. പമ്പാനദിയുടെ വർഷക്കാല അധികജലത്തെ ഉൾക്കൊള്ളുന്ന പ്രദേശമാകെ (Ripariam Flood Plain Area & The Holy River Pampa) നികത്തപ്പെടുന്നത് ഗുരുതരമായ പാ

രിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുമെന്നുള്ളതിനു സംശയമില്ല. വർഷക്കാലത്തു പെയ്യുന്ന മഴവെള്ളത്തെ ഉൾക്കൊള്ളാനാകാതെ അപ്രതീക്ഷിത പ്രളയക്കെടുതികൾ ഉണ്ടാകും. വേനൽക്കാലങ്ങളിൽ ഗുരുതരമായ ജലക്ഷാമത്തിനും കാരണമാകും. ഭൂഗർഭജലം ലഭ്യമല്ലാത്തതിനാൽ സമീപപ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും വേനൽക്കാലങ്ങളിൽ വറ്റി വരളാനിടയാകും. സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ കണക്കുകളനുസരിച്ച് (2003) ഒരു ഹെക്ടർ നീർത്തടത്തിന്റെ സാമൂഹ്യമൂല്യം 7 ലക്ഷം രൂപയാണ്. 347 ഏക്കർ സ്ഥലം നികഴ്ത്തുന്നതു മൂലമുണ്ടാകുന്ന സാമൂഹ്യനഷ്ടം പ്രതിവർഷം പത്തുകോടി രൂപയലധികമാണ്. യഥാർത്ഥത്തിൽ വിമാനത്താവളത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കായി ഈ പ്രദേശമാക്കെ നികഴ്ത്തപ്പെടുമെന്നുള്ളതിനു സംശയമില്ല. നിർദ്ദിഷ്ടസ്ഥലം നീർത്തടമാണെന്നുള്ള പരാമർശം പോലും പദ്ധതി രേഖയിലോ പരിസ്ഥിതി ആഘാത പഠനത്തിലോ ഇല്ല. അതുകൊണ്ടു തന്നെ പരിസ്ഥിതി പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യാതൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

പദ്ധതിപ്രദേശത്തിനടുത്തായി ചെറിയ അരുവി ഒഴുകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചെറിയ അരുവി എന്ന് പരിസ്ഥിതി ആഘാത പഠനറിപ്പോർട്ട് പരാമർശിച്ചിരിക്കുന്നത് പമ്പാനദിയുടെ പ്രധാന പോഷകനദികളിലൊന്നായ കോഴിത്തോടിനെക്കുറിച്ചാണ്. വടശ്ശേരിക്കരയ്ക്കു താഴെ പമ്പാനദിയിൽ വന്നുചേരുന്ന ഏറ്റവും വലിയ കൈവഴിയായ ജലസ്രോതസ്സാണ് കോഴിത്തോട്. ആറന്മുള, കിടങ്ങന്നൂർ പുഞ്ചക്കൾക്കും മല്ലപ്പുഴശ്ശേരിക്കും എക്കാലവും ജലലഭ്യത ഉറപ്പുനൽകിയിരുന്ന കോഴിത്തോട് വിമാനത്താവളനിർമ്മാണം വഴി ഇല്ലാതാകും. ആറന്മുള, മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ ഭാഗങ്ങളിൽ മഴക്കാലത്ത് ലഭ്യമായ ഉപരിതലജലം ആറന്മുള പുഞ്ചയിലാണ് വന്നുചേരുക. അധികജലം കോഴിത്തോട് വഴി പമ്പാനദിയിലേക്കെത്തിച്ചേരുകയും ചെയ്യും. നീർത്തടങ്ങളും കോഴിതോടും നികഴ്ത്തപ്പെടുന്നത് ഈ പ്രദേശത്ത് വർഷകാലങ്ങളിൽ വെള്ളപ്പൊക്കത്തിനും വേനൽക്കാലങ്ങളിൽ രൂക്ഷമായ വരൾച്ച ഉണ്ടാക്കുന്നതിനും സാദ്ധ്യത വർദ്ധിപ്പിക്കും

## മണ്ണ് എവിടെ?

വിമാനത്താവളത്തിന്റെ ആദ്യഘട്ടത്തിനു തന്നെ 500 ഏക്കർ നിലം നികത്തേണ്ടിവരും എന്ന് കമ്പനി തന്നെ പറയുന്നു. ഇത്രയും സ്ഥലം നികഴ്ത്താൻ കുറഞ്ഞത് 20–30 ലക്ഷം ലോറി മണ്ണ് ഇറക്കേണ്ടിവരും ഇത്രയും അധികം മണ്ണ് എവിടെനിന്ന് ലഭ്യമാകും എന്ന് പരിസ്ഥിതി സാധുത പത്രികയിലെവിടെയും പരാമർശമില്ല. നാല് കിലോമീറ്റർ നീളത്തിൽ റൺവേ പണിയേണ്ടിവരും. അവിശ്വാസികൾക്കും താമസസൗകര്യങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കൊക്കെയും കൂടുതൽ സ്ഥലങ്ങൾ നികഴ്ത്തേണ്ടിവരും, എക്കാലവും വെള്ളക്കെട്ടായ ചാലുകൾ ഉൾപ്പെടെ വ്യത്യസ്തമായ ഒരു പ്രദേശം മണ്ണിട്ടു നികഴ്ത്തപ്പെടുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളോടൊപ്പം മണ്ണിനു വേണ്ടി വെട്ടിനിരത്തപ്പെടേണ്ട മലകൾ നീക്കം ചെയ്യപ്പെടുമ്പോഴുണ്ടാകുന്ന പാരിസ്ഥിക പ്രത്യാഘാതങ്ങൾ പഠിക്കേണ്ടതല്ലേ?

10 മുതൽ 20 അടിവരെ ഉയരത്തിൽ മണ്ണിട്ടു നികഴ്ത്തുമ്പോഴും മലകൾ പൂർണ്ണമായി വെട്ടിനിരത്തുമ്പോഴും, പ്രാദേശിക ജലവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളും പ്രത്യാഘാതങ്ങളും പരിസ്ഥിതി സാധുത പത്രികയിൽ നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതായിരുന്നു. വിമാനത്താവളമാണ് പത്തനംതിട്ട ജില്ലയുടെ വികസന സ്വപ്ന രാഷ്ട്രീയ നേതാക്കന്മാരും ഭരണാധികാരികളും മുകളിൽ പറഞ്ഞ പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പരിസ്ഥിതി സംബന്ധമായ നയരേഖകളും പരിഗണിക്കപ്പെടുന്നതേയില്ല. സുസ്ഥിരവികസന മാർഗങ്ങളെക്കുറിച്ചു പ്രസംഗിച്ച് നടക്കുകയും പരിസ്ഥിതിനാശം വിതക്കുന്ന നിയമലംഘനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുന്നത് മലയാളിയുടെ സ്വഭാവമായി മാറി കഴിഞ്ഞതിന്റെ ഉദാത്ത ഉദാഹരമാണ് നിർദ്ദിഷ്ട ആറന്മുള വിമാനത്താവള നിർമ്മാണം.

*(ജന.സെക്രട്ടറി, പമ്പാപരിരക്ഷണ സമിതി)*

## കെ. ജി. എസ് ഗ്രൂപ്പിന്റെ അവകാശവാദങ്ങൾ



ആറന്മുള വിമാനത്താവളത്തിന്റെ ഓഫീസിലേക്ക് നടന്ന പ്രതിഷേധ മാർച്ച്

**അത്യാധുനിക** സംവിധാനങ്ങളോടെയും, സൗകര്യങ്ങളോടെയും നിർമ്മിക്കുന്ന നിർദ്ദിഷ്ട ആറന്മുള വിമാനത്താവളം പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുമെന്ന് പദ്ധതി രേഖയിൽ അവകാശപ്പെടുന്നു. മൂന്നുവർഷത്തിനകം രണ്ടുഘട്ടങ്ങളായി വിമാനത്താവളം പൂർത്തിയാക്കും. രണ്ടു വർഷത്തിനുള്ളിൽ പ്രഥമഘട്ടം തീരുമ്പോൾ ‘എ’ 300 വിഭാഗത്തിലുള്ള വലിയ വിമാനങ്ങൾ ഇവിടെ ഇറങ്ങുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മൂന്നാം വർഷം 130 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന വിമാനങ്ങളുടെ സർവ്വീസോടെ കൂടെ പ്രവർത്തനം തുടങ്ങുമെന്ന് കെജിഎസ്. കമ്പനി അവരുടെ പദ്ധതി രേഖകളിൽ അവകാശപ്പെടുന്നു.